
## എ യു പി സ്കൂൾ പുതുപൊന്നാനി

# ആക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26



# എ.യു.പി. സ്ക്കൂൾ പുതുപൊന്നാനി

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 2026

മലപ്പുറം ജില്ലയിൽ പൊന്നാനി മുൻസിപ്പാലിറ്റിയിൽ 40–ാം വാർഡിൽ പുതുപൊന്നാനിയുടെ തീരദേശമേഖലയിൽ സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ്. എ.യു.പി.സ്ക്കൂൾ പുതുപൊന്നാനി അഞ്ചു മുതൽ ഏഴ് വരെ ക്ലാസുകളിലായി 512 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നു. H.M. ഉൾപ്പെടെ **20** അധ്യാപകരും ഒരു അനധ്യാപകനും നമ്മുടെ വിദ്യാലയത്തിൽ സേവനം അനുഷ്ഠിക്കുന്നു. ഈ വിദ്യാലയം പാഠ്യ പാഠ്യേതരവിഷയങ്ങളിൽ മികവ് പുലർത്തുന്നു. 2024–25 അക്കാദമിക വർഷത്തിൽ കായികപരമായും ആരോഗ്യപരമായും വിദ്യാർത്ഥികളെ ഉന്നതിയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാലയത്തിൽ നിർമ്മിച്ച ടർഫ് കായിക മന്ത്രി ശ്രി. അബ്ദുൾ റഹ്മാൻ ഉദ്ഘാടനം ചെയ്യുകയുണ്ടായി.കായിക പരിശീലനത്തിലൂടെ ഫുഡ്ബോൾ, കബഡി ഇനങ്ങളിൽ സംസ്ഥാന തലത്തിൽ വിദ്യാർത്ഥികളെ എത്തിക്കാനും ഉന്നത വിജയം കൈവരിക്കാനും സാധിച്ചു. ഫുഡ്ബോളിലെ മികവ് വർദ്ധിപ്പിക്കുന്നതിനു വേണ്ടി സബ്ജില്ലാതലത്തിൽ ഫുട്ബോൾ ടൂർണ്ണമെന്റ് കഴിഞ്ഞ വർഷം മുതൽ സംഘടിപ്പിക്കുന്നു. കുട്ടികളുടെ അഭിരുചിക്കനുസരിച്ച് തിരഞ്ഞെടുത്ത ഇനങ്ങളിൽ പ്രത്യേക പിരിശീലകന്റെ മേൽനോട്ടത്തിൽ മികച്ച പ്രതിഭകളെ വാർത്തെടുക്കാനായി. വർഷങ്ങളായി യു.എസ്.എസ്. സ്ക്കോളർഷിപ്പ് പരീക്ഷകളിൽ മികച്ച അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ തിളക്കമാർന്ന വിജയങ്ങൾ നേടാൻ സാധിച്ചു.

സംസ്കൃതം സ്ക്കോളർഷിപ്പ് പരീക്ഷകളിലും, ഉറുദു, അറബിക്, ടാലന്റ് ടെസ്റ്റ് മൽസരങ്ങളിലും പങ്കെടുത്ത എല്ലാ വിദ്യാർത്ഥികളും തിളക്കമാർ വിജയം നേടുന്നു ശാസ്ത്രമേള, കലാമേള, പ്രവർത്തി പരിചയമേളകളിലും വിദ്യാലയം സബ് ജില്ലാ, ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മികവുറ്റ പ്രകടനങ്ങൾ കാഴ്ചവെക്കാൻ സാധിച്ചു.

വായന ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായും വായനശീലം വളർത്തുന്നതിനുമായി ‘എല്ലാ ക്ലാസിലും ലൈബ്രറി’ എന്ന പദ്ധതി നടപ്പിലാക്കാൻ സാധിച്ചു.

രക്ഷാകർത്താക്കൻമാരുമായുള്ള നിരന്തരസമ്പർക്കം **C.P.T.A, P.T.A, M.T.A**. എന്നിവ കുട്ടികളുടെ പഠന നിലവാരം ഉയർത്തുവാൻ സഹായിക്കുന്നു. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി അമ്മ മലയാളം, തേൻവരിക്ക എന്നീ പ്രത്യേക പഠന പിന്തുണാ പദ്ധതികളിലൂടെ മുൻനിരയിലേക്കെത്തിക്കാൻ ഏതാണ്ട് സാധിച്ചിട്ടുണ്ട്. പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി Spell Bee Competition  സബ് ജില്ലാ തലത്തിൽതന്നെ ആദ്യ മൽസരം ഇനമാക്കി നടത്തുകയുണ്ടായി.

കുട്ടികളുടെ കുടുംബപരവും സാമൂഹിക പരവുമായ പശ്ചാത്തലം ഒരു വെല്ലുവിളിയാണെങ്കിലും അദ്ധ്യാപകർക്ക് അവരെ ചേർത്തു പിടിച്ചു പഠനത്തിൽ മുൻനിരയിലെത്തിക്കാൻ സാധിക്കുന്നു.

ഭിന്നശേഷിക്കാർക്കായി യു.ആർ.സി.യിൽ നിന്നും വരുന്ന Specialist അദ്ധ്യാപകരുടെ നേതൃത്വത്തിൽ ഇത്തരം കുട്ടികളെക്കൂടി എല്ലാ പ്രവർത്തനങ്ങളിലും ഉൾച്ചേർക്കുന്നു.

തീരദേശമേഖലയിൽ ഉൾപ്പെട്ട പ്രദേശങ്ങളിലെ വിദ്യാർത്ഥികൾ വിദ്യാഭ്യാസത്തിന് ആശ്രയിക്കുന്ന ഈ സ്ഥാപനം കൂടുതൽ മികച്ച അക്കാദമിക, ഭൗതിക സൗകര്യത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണ്.

2025-2026 അക്കാദമിക വർഷം തുടക്കം മുതൽ കൃത്യമായ ആസൂത്രണത്തിൽ മുന്നോട്ട് പോകുന്നതിനായി സബ്ജക്റ്റ് കൗൺസിൽ ചേർന്ന് മാസ്റ്റർ പ്ലാൻ അക്കാദമിക കലണ്ടർ എന്നിവ തയ്യാറാക്കി പ്രവർത്തിക്കുന്നു. എല്ലാ വിദ്യാർത്ഥികളുടേയും സമഗ്രമായ ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനായി ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

സ്ക്കൂൾ S.R.G സ്റ്റാഫ് കൗൺസിൽ എന്നിവ ചേർത്ത് ഏകദേശരൂപം നൽകിയ പദ്ധതി P.T.A, S.M.C, M.T.A മുതലായ ഘടകങ്ങളിൽ ചർച്ച ചെയ്ത് ഓരോ മേഖലയുമായി ബന്ധപ്പെട്ട് തയ്യറാക്കിയ മാസ്റ്റർ പ്ലാൻ ആണ് ഇവിടെ സമർപ്പിക്കുന്നത്. ഇനിയും ഇതിനുമേൽ കൂടുതൽ ചർച്ചകൾ ആവശ്യമായിട്ടുണ്ട്. കൂട്ടായ പ്രവർത്തനങ്ങളിലൂടെ സമയബന്ധിതമായി ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ആകും എന്ന വിശ്വാസം ഞങ്ങൾക്കുണ്ട്.

## ചരിത്രം

1975 ൽ പി.എം.അബ്ദുള്ള ഹാജിയുടെ ദീർഘ വീക്ഷണത്തോടെയുള്ള, കാഴ്ചപ്പാടിന്റെ ശ്രമഫലമാണ് 50 വർഷങ്ങൾക്ക് മുന്നെ പുതുപൊന്നാനിയുടെ പരിസര പ്രദേശങ്ങളിലും തീരദേശമേഖലയിലും വിദ്യാഭ്യാസപരമായും സാംസ്കാരികപരമായും ഉള്ള ഉന്നമനം ലക്ഷ്യം വെച്ച് കൊണ്ട് സ്ഥാപിതമായതാണ് എ.യു.പി.സ്ക്കൂൾ പുതുപൊന്നാനി 2024-25 അധ്യയന വർഷം വിദ്യാലയത്തിന്റെ 50-ാം വാർഷികം പുതുപൊന്നാനിയിൽ പുതുമയാർന്ന പരിപാടികളോടെ വൻ ജനപങ്കാളിത്തത്തോടെ സമുചിതമായി ആഘോഷിച്ചു 50 ഇന പരിപാടികളാണ് 50-ാം വാർഷികവുമായി ബന്ധപ്പെട്ട് നടത്തിയത്. 'സ്ക്കൂൾ ടർഫ്' ,സ്പോർട്ട്സ് അക്കാദമി, ക്ലാസ് ലൈബ്രറി, പുതിയ കവാടം, ഓഡിറ്റോറിയം പുതിയൊരു അടുക്കള ഇതിൽ പ്രധാനപ്പെട്ടതാണ്.

**എ.യു.പി.സ്ക്കൂൾ പുതുപൊന്നാനി**
**മേഖല : യു.പി. അറബിക്**

**നേരിടുന്ന വെല്ലുവിളി - പരിമിതമായ പഠന സാമഗ്രികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 1. അക്ഷരങ്ങളും പദങ്ങളും :- അക്ഷരങ്ങൾ കൊണ്ട് പദങ്ങൾ നിർമ്മിച്ചും പദങ്ങൾ ഉപയോഗിച്ച് വാചകങ്ങൾ നിർമ്മിച്ചും പരിശീലിപ്പിക്കുക. കുട്ടികളെ ഘട്ടം ഘട്ടമായി അറബിഭാഷയിൽ സ്വന്തമായി വാചകങ്ങൾ നിർമ്മിക്കാൻ പര്യാപ്തരാക്കുന്നു. | പദകേളി, പദപ്പയറ്റ് എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു. അക്ഷരപാർട്ട്, പദനിർമ്മാണം വാചകങ്ങൾ ക്രമീകരിക്കേണ്ട വ്യാകരണ ശൈലി മനസ്സിലാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺ - ആഗസ്റ്റ് | അറബിക് അധ്യാപകർ | 1500 | HM SRG |
| 2. വായന :- തെറ്റു കൂടാതെ വായിക്കാൻ പരിശീലിപ്പിക്കുക. ഒഴുക്കോടെ വായിക്കാൻ പരിശീലിപ്പിക്കുക | ലൈബ്രറി പുസ്തകങ്ങൾ വായിപ്പിക്കുക. വായന മത്സരങ്ങൾ ദിവസ വായന സംഭാഷണ പരിശീലനം. | ആഗസ്റ്റ് - സെപ്തംബർ | | 1000 | HM SRG |
| 3. അറബി ഭാഷ സംസാരിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക. | ശിൽപശാല, അറബിക് ന്യൂസ് പേപ്പർ വായന. അറബിക് ബ്ലോഗ്, അറബിക് റീൽസ്, യൂട്യൂബ് വീഡിയോസ് ഉപയോഗപ്പെടുത്തുന്നു. അറബിക് ക്ലബ് ദിനാചരണങ്ങൾ സംഘടിപ്പിക്കുക. | സെപ്തംബർ - മാർച്ച് | | 500 | HM SRG |

## എ.യു.പി.സ്ക്കൂൾ പുതുപൊന്നാനി
## മേഖല : യു.പി. മലയാളം

**നേരിടുന്ന വെല്ലുവിളി - ഭാഷ പഠിക്കുന്ന കുട്ടികൾ നേരിടുന്ന പ്രശനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 5,6,7 - ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ | അക്ഷരങ്ങൾ, പദങ്ങൾ അക്ഷരമാല ചാർട്ട്, അക്ഷരക്കാർഡ് | ജൂൺ - ആഗസ്റ്റ് | മലയാള അധ്യാപിക | 1000 | HM SRG |
| മലയാള സ്വരചിഹ്നം, സ്വര ശബ്ദം, വ്യഞ്ജനാക്ഷരങ്ങൾ, ചില്ലക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ, എന്നിവ നന്നായി പരിചയപ്പെടാനും, പഠിക്കാനുമുള്ള അവസരം ഒരുക്കുക | സംഭാഷണ പരിശീലനം ഭാഷാ ശുദ്ധി പരിശീലനം | ആഗസ്റ്റ് - സെപ്തംബർ | മലയാള അധ്യാപിക | 1500 | HM SRG |
| മലയാളം വായന :- തെറ്റാതെ വായിക്കുക എന്നതിനായി കുട്ടികളെ പ്രാപ്തരാക്കുക | ചെറുകഥ, കവിതാ രചന ഗാനാലാപനം, പുസ്തക പ്രദർശനം | സെപ്തംബർ - മാർച്ച് | മലയാള അധ്യാപിക | | HM SRG |

# എ.യു.പി.സ്ക്കൂൾ പുതുപൊന്നാനി
# മേഖല : യു.പി. ഉറുദു

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025-2026

ആമുഖം :-

ഇന്ത്യയിൽ ജനിച്ചു ലോകത്താകമാനും പടർന്നു പന്തലിച്ച ഭാഷയാണ് ഉറുദു. ഇന്തോ ആര്യൻ ഭാഷ കുടുംബത്തിലെ പ്രധാനിയായ ഉർദു, ഖഡീ ബോലി എന്ന ഭാഷയിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതാണ്. ഇന്ന് അനുദിനം വികസിച്ചു കൊണ്ടിരിക്കുന്ന സംഗീത സുന്ദരമായ ഭാഷ കൂടി യാണ് ഉർദു. കഥകളുടെയും കവിതകളുടെയും ഭാഷ ഹിന്ദുസ്ഥാനി സംഗീതത്തിന്റെ അന്തർധാരയായ ഉർദു സംസ്കാരിക സമന്വയത്തിന്റെയും മാനവസാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും മുദ്രവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷ കൂടിയാണ്.

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു, സാമൂഹ്യശാസ്ത്രം, അടിസ്ഥാനശാസ്ത്രം, കണക്ക്, ഐ.ടി. പ്രവർത്തിപരിചയം, ആരോഗ്യ വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം.

എ.യു.പി.എസ്. പുതുപൊന്നാനി സ്ക്കൂളിൽ 2025-26 വർഷത്തിൽ ഉർദു ഭാഷാ പഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

പൊതു ലക്ഷ്യങ്ങൾ:-

- ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദനപഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ്സ് കഴിയുമ്പോഴേയ്ക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള
 ശേഷി ഉറപ്പാക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- വിവിധ ദിനാചരണങ്ങളിലൂടെ ശേഷികൾ വളർത്തുക.

| മേഖല | പ്രവർത്തനം | പ്രക്രിയാഘട്ടങ്ങൾ | കാലം | നിർവഹണ ചുമതല | സാമ്പത്തികം | നേട്ടങ്ങൾ |
|---|---|---|---|---|---|---|
| എഴുത്ത് | അക്ഷര പദ കാർഡുകളുടെ സഹായത്താൽ അക്ഷരങ്ങളുടെ രൂപവും ഉച്ചാരണവും ഉറപ്പിക്കുന്നു. പദകേളി കാർഡുകൾ യോജിപ്പിച്ചുള്ള കളികൾ ചിത്രങ്ങളുടെ സഹായത്താൽ വാക്യങ്ങൾ നിർമ്മിച്ച് എഴുതുക. | ടൂൾ തയ്യാറാക്കൽ പ്രീടെസ്റ്റ് നടത്തൽ, ആവശ്യമായ കോപ്പി എടുക്കൽ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ഉറുദു അധ്യാപിക | | വിദ്യാലയത്തിന്റെ മകിവ് വർദ്ധിക്കുന്നു. |
| വായന | ചിത്രങ്ങളുടെ സഹായത്താൽ എഴുതി വായിക്കുന്നു. ഉറുദു ഭാഷ കേൾക്കാൻ അവസരം നൽകുന്നു. | ചിത്രങ്ങളുടെ സഹായത്താൽ എഴുതി വായിക്കുന്നു. ഉറുദു ഭാഷ കേൾക്കാൻ അവസരം നൽകുന്നു. | ഒരു വർഷം | ഉറുദു അധ്യാപിക | | വായിക്കാനുള്ള ആത്മവിശ്വാസം വർദ്ധിക്കുന്നു |
| പ്യാരി ഉറുദു | ക്ലാസിൽ ഉറുദു അന്തരീക്ഷം. ഐ സി ടി സഹായത്താൽ ഉറുദു കേൾപ്പിക്കൽ. | ഉറുദു മെഹഫിൽ | ഒരു വർഷം | ഉറുദു അധ്യാപിക | | ഉറുദുവിൽ സംസാരിക്കാൻ സാധിക്കുന്നു. |
| ദിനാചരണങ്ങൾ | പോസ്റ്റർ നിർമ്മാണം | പ്ലക്കാർഡ്. പതിപ്പ് നിർമ്മാണം (ഡിജിറ്റൽ) | ഒരു വർഷം | ഉറുദു അധ്യാപിക | | വിദ്യാലയ പ്രവർത്തനങ്ങളിൽ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ഉറുദു ഭാഷ സാധ്യത പ്രയോജനപ്പെടുന്നു. |

പ്രതീക്ഷിത നേട്ടങ്ങൾ :-

മുഴുവൻ കുട്ടികളിലും ലഘു വാക്യങ്ങൾ എഴുതാനും വായിക്കാനും സാധിക്കണം. വിദ്യാലയത്തിന്റെ മികവ് വർദ്ധിപ്പിക്കും കുട്ടികൾക്ക് ഉറുദുപഠനം ഇഷ്ടപ്പെടും. ഉറുദു ബോധന പ്രക്രിയ മികച്ചതാവും.

## എ.യു.പി.സ്ക്കൂൾ പുതുപൊന്നാനി
## മേഖല : യു.പി. സംസ്കൃതം
**നേരിടുന്ന വെല്ലുവിളി – പരിചിതമല്ലാത്ത ഭാഷ പഠിക്കുന്ന കുട്ടികൾ നേരിടുന്ന വെല്ലുവിളി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 5,6,7 – ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ സംസ്കൃതം അഞ്ചാംതരം മുഴുവൻ ആരംഭിക്കുന്നതിനാൽ സംസ്കൃതം ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന സംസ്കൃത പദങ്ങൾ അക്ഷരമാല, ചാർട്ട് അക്ഷരക്കാർഡ് അഭ്യാസ പത്രം ചിത്ര പദകോശം | ജൂൺ – ആഗസ്റ്റ് | സംസ്കൃത അധ്യാപിക | 1500 | HM SRG |
| സംസ്കൃത വായന. തെറ്റുകൂടാതെ സംസ്കൃതം വായിക്കുക എന്ന പരിശ്രമം നടത്തും | അഭ്യാസപത്രം സംഭാഷണ പരിശീലനം ശിൽപശാല | ആഗസ്റ്റ് – സെപ്തംബർ | സംസ്കൃത അധ്യാപിക | 1000 | HM SRG |
| സംസ്കൃതം സംസാരിക്കുക. സംസ്കൃതത്തിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കാൻ ശ്രമിക്കും. | ആകാശവാണി ദൂർദർശൻ ലഘുകഥ, കവിതാരചന, ഗാനാലാപനം, അസംബ്ലി, പുസ്തക പ്രദർശനം | സെപ്തംബർ – മാർച്ച് | സംസ്കൃത അധ്യാപിക | 500 | HM SRG |

# ENGLISH

## ACADEMIC MASTER PLAN 2025-26

A U P SCHOOL PUDUPONNANI

INTRODUCTION

The Academic Master Plan for English at Upper Primary School level (Grades 5 t0 7) is designed to provide a structured, progressive, and engaging framework that supports the holistic development of learners language skills, As English serves both as a subject and medium of instruction in many educational contexts, the mastery of foundational skills in reading, writing, listening and speaking becomes essential at this stage.

CHALLENGES

Limited Vocabulary

- Students may know only basic words.
- Struggle to understand new or subject-specific terms.

WeakGrammer Foundation

- Difficulty applying grammar rules correctly in speaking and writing
- Confusion between tenses, sentence structures, and punctuation.

Lack of Exposure to English

- Limited practice at home or in the community.
- Regional language often dominates daily conversation.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Follow Me If You Cant ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു.Meeth the foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകൻ | |
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകൻ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകൻ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | Leaning Ladder  പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകൻ | |
| | F.M. Corner  വ്യത്യസ്തമായ കഥകൾ Reader's Theater  റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Reader of the Month  ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി  Reader of the Month  നെ ആദരിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ് അധ്യാപകൻ | |
| | .My Droplets  കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിഷണറി എന്നിവ തയ്യാറാക്കുന്നു | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമികളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run  ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം മറ്റു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda  കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp  ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br><br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്, ആറിന് ഞീഹല ജഹമ്യ നാടകം എന്നിവ പ്രച്ഛന്നവേഷരായി, ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ. ക്യാമ്പിന് ഒടുവിൽ ഡോക്യൂമെന്ററി / ഫിലിം ഷോ. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

# എ.യു.പി.സ്ക്കൂൾ പുതുപൊന്നാനി
## മേഖല : യു.പി. ഹിന്ദി

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025-2026

ആമുഖം :-

ഭാരതത്തിന്റെ ഔദ്യോഗിക ഭാഷകളിൽ ഒന്നായ ഹിന്ദി ഭാരതത്തിലെ ഏറ്റവും കൂടുതൽ ആളുകൾ ആശയ വിനിമയം നടത്തുന്ന ഭാഷ കൂടിയാണ്. കേരളത്തിൽ ജനിച്ചു വളർന്ന കുട്ടികൾക്ക് കേരളത്തിന് പുറത്ത് ഇന്ത്യയിൽ എവിടെയും ആശയവിനിമയത്തിന് ഹിന്ദി ഭാഷയിലുള്ള അറിവ് ഉപയോഗപ്പെടുത്താവുന്നതാണ്. അതുകൊണ്ട് തന്നെ വളർന്ന വരുന്ന കുട്ടികളിൽ ഹിന്ദി ഭാഷയോടുള്ള അഭിരുചി വളർത്തേണ്ടത് അനിവാര്യമാണ്.

നേരിടുന്ന വെല്ലുവിളികൾ

- കുട്ടികളിൽ ഹിന്ദി ഭാഷയോടുള്ള അഭിരുചി പൂർണ്ണമായും പ്രകടമാകുന്നില്ല.
- കേവലം ഒരു വിഷയപഠനമായി അവശേഷിക്കുന്നു.
- ലാംഗ്വേജ് ലാബ് ഇല്ല
- മുഴുവൻ കുട്ടികൾക്കും ഹിന്ദി ഭാഷ എഴുതാനും വായിക്കാനും കഴിയുന്നില്ല

ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

- ഹിന്ദി അസംബ്ലി
- ഹിന്ദി വായന കാർഡ്
- ഹിന്ദി ലൈബ്രറി
- ലാംഗ്വേജ് ലാബ്
- ആജ് കെ ലിയെ ബോർഡ്
- സുരീലി ഹിന്ദി ഉത്സവ്
- അധിക ക്ലാസ്സുകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| ഹിന്ദി ഭാഷയോടുള്ള അഭിരുചിവർദ്ധിപ്പിക്കുക | 1. വായനാ കാർഡുകൾ<br>• 5,6,7 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഉതകുന്ന തരത്തിലുള്ള വായനാ കാർഡുകൾ തയ്യറാക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനായി ഒരേ അക്ഷരങ്ങൾ ആവർത്തിച്ചു വരുന്ന വാക്കുകളോട് കൂടിയ ചെറു കവിതകൾ കാർഡുകളിൽ ഉൾക്കൊള്ളിക്കുക. | ജൂലൈ - മാർച്ച് | ഹിന്ദി അധ്യാപിക | 500/- | പ്രധാനാധ്യാപിക |
| | 2. ഹിന്ദി അസംബ്ലി<br>• പൂർണമായും ഹിന്ദി ഭാഷയിലുള്ള അസംബ്ലി<br>• ഹിന്ദി പ്രാർത്ഥന<br>• പ്രതിജ്ഞ<br>• പത്ര വാർത്ത<br>• ചിന്താവിഷയം എന്നിവ ഉൾപ്പെടുത്തിയുള്ള അസംബ്ലി | ആഴ്ചയിൽ ഒന്ന് | ഹിന്ദി അധ്യാപിക | | |
| | 3. ഹിന്ദി ക്ലബ്ബ്<br>• 30-40 കുട്ടികളെ ഉൾപ്പെടുത്തി ഹിന്ദി ക്ലബ്ബ് രൂപീകരിക്കുക<br>• തുടർ പ്രവർത്തനങ്ങൾ നടത്തുക | ജൂലൈ - മാർച്ച് | ഹിന്ദി അധ്യാപിക | | പ്രധാനാധ്യാപിക |
| | 4. ദിനാചരണങ്ങൾ<br>• ഹിന്ദി ഭാഷാ ദിനങ്ങൾ, ഹിന്ദി സാഹിത്യവുമായി ബന്ധപ്പെട്ട പ്രസിദ്ധരായ എഴുത്തുകാരുടെ ജന്മദിനങ്ങൾ എന്നിവ ആചരിക്കുക<br>• പ്രേംചന്ദ് ജയന്തി<br>• ദേശീയ ഹിന്ദി ദിനം<br>• ലോക ഹിന്ദി ദിനം<br>• ദിനാചാരണങ്ങളുമായി ബന്ധപ്പെട്ട് മത്സരങ്ങൾ സംഘടിപ്പിക്കുക<br>• അസംബ്ലിയിൽ സമ്മാനങ്ങൾ വിതരണം ചെയ്യുക. | ജൂലൈ 31<br>സെപ്തംബർ 14<br>ജനുവരി 10 | ഹിന്ദി അധ്യാപിക & ഹിന്ദി ക്ലബ്ബ് | 1000/- | പ്രധാനാധ്യാപിക |
| | 5. ലൈബ്രറി<br>• കുട്ടികളെ ആകർഷിക്കുന്ന തരത്തിലുള്ള ചിത്രങ്ങളോട് കൂടിയ ചെറു കഥാ കവിതാ പുസ്തകങ്ങൾ, വായനാകാർഡുകൾ, അക്ഷര ചാർട്ടുകൾ, പൂക്കൾ, പഴങ്ങൾ, മൃഗ | | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം | മോണിറ്ററിംഗ് |
|---|---|---|---|---|---|
| | ങ്ങൾ, പക്ഷികൾ, എന്നിവയുടെ പേരുകളും ചിത്രങ്ങളും ഉൾക്കൊള്ളുന്ന ചാർട്ടുകൾ എന്നിവ ഉൾപ്പെടുത്തി ഒരു ചെറിയ ലൈബ്രറി സൗകര്യപ്രദമായ രീതിയിൽ ക്ലാസ്സ് മുറിയിലോ അല്ലാതെയോ രൂപീകരിക്കാം. | ജൂൺ - മാർച്ച് | ഹിന്ദി അധ്യാപിക | 500/- | പ്രധാനാധ്യാപിക |
| | 6. ആജ് കെ ലിയെ ബോർഡ് :<br>• കുട്ടികളിൽ പദ സമ്പത്ത് വർധിപ്പിക്കുന്നതിനായി ആജ് കെ ബോർഡ് സ്ഥാപിക്കുക<br>• ഓരോ മാസം ഓരോ ക്ലാസിനു ചുമതല നൽകുക. ദിവസവും ഒരു വാക്ക് അതിന്റെ അർത്ഥം എന്നിവ ബോർഡിൽ എഴുതുക.<br>• ഓരോ മാസവും ആ വാക്കുകൾ കൂട്ടിച്ചേർത്തുള്ള ടെസ്റ്റുകൾ നടത്തി ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികളെ അനുമോദിക്കുക. | ജൂലൈ - മർച്ച് | ഹിന്ദി അധ്യാപിക | 500/- | പ്രധാനാധ്യാപിക |
| | 7. സുരിലി ഹിന്ദി ഉത്സവ് :<br>• സുരിലി മോഡ്യൂളുകളെ അടിസ്ഥാനമാക്കി സുരിലി ഹിന്ദി ഉത്സവ് സംഘടിപ്പിക്കുക | ഫെബ്രുവരി | ഹിന്ദി അധ്യാപിക & ഹിന്ദി ക്ലബ്ബ് | 500/- | പ്രധാനാധ്യാപിക |
| | 8. ഡയറി, ഹിന്ദി പത്രിക<br>• ദിവസവും ചെറു വാക്യങ്ങൾ ചേർത്തുള്ള ഡയറി എഴുത്ത് ശീലമാക്കുക<br>• സ്ക്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങളുയെ അടിസ്ഥാനത്തിൽ ഹിന്ദി പത്രിക തയ്യാറാക്കുക | ഡയറി - ദിവസവും പത്രിക - 3 മാസത്തിൽ ഒന്ന് | ഹിന്ദി അധ്യാപിക & ഹിന്ദി ക്ലബ്ബ് | | പ്രധാനാധ്യാപിക |
| | 9. അധിക ക്ലാസ്സുകൾ :<br>• ഹിന്ദി ഭാഷയിൽ ആശയവിനിമയ ശേഷി വർദ്ധിപ്പിക്കുന്നതിനായി ഒഴിവു സമയങ്ങൾ വിനിയോഗിക്കുക. | ആഴ്ചയിൽ ഒന്ന് | ഹിന്ദി അധ്യാപിക | | പ്രധാനാധ്യാപിക |

# എ.യു.പി.സ്ക്കൂൾ പുതുപൊന്നാനി
# മേഖല : യു.പി. സാമൂഹ്യശാസ്ത്രം

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025-2026

ആമുഖം :-

സാമൂഹിക ജീവിതത്തിന്റെയും വിദ്യാഭ്യാസ വികാസത്തിന്റെയും നിലനില്പിന്നാധാരമായ പഠനശാഖയാണ് സാമൂഹ്യശാസ്ത്രം. ഭൂതകാലത്തെ അടിസ്ഥാനമാക്കി സമൂഹത്തെ മുന്നോട്ടു നയിക്കുന്നതിനും പുതിയകാലവും ചുറ്റുപാടുകളും രൂപപ്പെടുത്തുന്ന വിപരീത സാഹചര്യങ്ങളെ മറികടക്കുന്നതിനും സാമുഹ്യശാസ്ത്ര പഠനത്തിലൂടെ കഴിയേണ്ടതുണ്ട്. ഭരണഘടന മുന്നോട്ടുവയ്ക്കുന്ന മൗലികാവകാശങ്ങളെ ശാസ്ത്രീയചിന്തയോടെ നടപ്പിലാക്കാനും രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിനുമാവശ്യമായ സാധ്യതകൾ കണ്ടെത്തുന്നതിനും സാമുഹ്യശാസ്ത്രം നമ്മെ സഹായിക്കുന്നുണ്ട്.

എ.യു.പി.എസ് പുതുപൊന്നാനി പ്രവർത്തനത്തിലൂടെ ലക്ഷ്യത്തിൽ എത്തിപ്പെടുകയും സമൂഹത്തെ കൂടുതൽ ചലനാത്മകമാക്കുന്നതിനും മാനസിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനും ഉദ്ദേശിക്കുന്നു.

പൊതു ലക്ഷ്യങ്ങൾ :-

* സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക
* ജനാധിപത്യ ജീവിത സംസ്ക്കാരം വളർത്തിയെടുക്കുക
* ജനാധിപത്യ ജീവിതവും, ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ സാമൂഹ്യശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക
*സമൂഹത്തിന്റെ പൊതു സ്വഭാവം വിശകലനം ചെയ്യാനും അതിനായുള്ള നീതി ശാസ്ത്രം സ്വായത്തമാക്കാനും സഹായിക്കുക.

പ്രവർത്തനങ്ങൾ :-

* സ്ക്കൂൾ ജനാധിപത്യവേദി ശക്തിപ്പെടുത്തൽ, ഇതിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ പരിചയപ്പെടാനുള്ള അവസരമാക്കിമാറ്റാൻ
* ലഹരി വിരുദ്ധപ്രവർത്തനം
* വ്യത്യസ്ത ദിനാചരണങ്ങൾ
* പ്രാദേശികചിത്രരചന, ചരിത്ര വസ്തുതകൾ, ചരിത്രാന്വേഷണയാത്രകൾ
* പഠനയാത്രകൾ, ജനപ്രതിനിധികളുമായുള്ള സംഭാഷണം
* പത്രവാർത്തകൾ അടിസ്ഥാനപ്പെടുത്തിയുള്ള ചർച്ചകൾ
* അസമത്വം - ലിംഗപദവി - സാമൂഹിക നീതി - അധിനിവേശം - ബാലവേല, പട്ടിണി, ചൂഷണം തുടങ്ങിയ സാമൂഹിക പ്രശ്നങ്ങളെ കുറിച്ച് അറിയാനും നിലപാടുകൾ കൈക്കൊള്ളാനുള്ള കഴിവ് ആർജിക്കൽ.
* ബോധവത്ക്കരണം പ്രവർത്തനങ്ങൾ, സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട മാസികകൾ, തയ്യാറാക്കൽ,
* ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തൽ, സ്ക്കൂള്ഞ മ്യൂസിയം.
* പഠനോപാധികളുടെ നിർമ്മാണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഈ പരിശോധിക്കൽ നേടിയെടുക്കൽ | **അങ്കത്തട്ട് – കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വാർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory Test നടത്തുന്നു. | അക്കാദമിക വാർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വാർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വാർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demostration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വാർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലത്ത്, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു | അക്കാദമിക വാർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെല്ലാം ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വാർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ, എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വാർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തിനേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന മത്സരബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തങ്ങൾ നിമിഷനേരം കൊണ്ടേന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വാർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# എ.യു.പി.സ്ക്കൂൾ പുതുപൊന്നാനി
## മേഖല : യു.പി. അടിസ്ഥാന ശാസ്ത്രം

## അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025-2026

ആമുഖം :-

അടിസ്ഥാന ശാസ്ത്രം അഥവാ ശുദ്ധമായ ശാസ്ത്രം എന്നത് പ്രകൃതി അല്ലെങ്കിൽ മറ്റ് പ്രതിഭാസങ്ങളെ നന്നായി മനസ്സിലാക്കുന്നതിനും പ്രവചിക്കുന്നതിനുമായി ശാസ്ത്രീയ സിദ്ധാന്തങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള ഒരു തരം ശാസ്ത്രഗവേഷണമാണ് പാഠ പുസ്തകങ്ങളിലെ പഠന പ്രവർത്തനങ്ങളിലൂടെയും വ്യക്തിപരമായ അനുഭവങ്ങളിലൂടെയുമാണ് കുട്ടികൾ ശാസ്ത്ര ബോധമുള്ളവരായി മാറുന്നത്. ഇതിന് യോജിച്ച പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിലും ക്ലാസ്സ് മുറികളിലും നടക്കേണ്ടതുണ്ട്. ശാസ്ത്ര ബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ ഉതകുന്ന തരത്തിലുള്ള ചില പ്രവർത്തനങ്ങളാണ് ഈ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പാഠപുസ്തകങ്ങളിൽ പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങൾക്ക് പുറമെയാണ് ഈ പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുന്നത്.

ലക്ഷ്യം :-

- വിദ്യാർത്ഥികളെ ശാസ്ത്രീയ മനോഭാവം ഉള്ളവരായി തീർക്കുക
- പ്രശ്നങ്ങൾ ഏറ്റെടുക്കാനും ശാസ്ത്രീയമായ രീതിയിൽ പരിഹാരം കാണാനും കുട്ടികളെ പ്രാപ്തരാക്കുക
- ശാസ്ത്ര ബോധമുള്ള പുതിയ തലമുറയെ വളർത്തിയെടുക്കുക
- പരീക്ഷണങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ശാസ്ത്ര പഠനം സാധ്യമാക്കുക
- തന്റെ ശാസ്ത്ര ബോധത്തെ പൊതു സമൂഹ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്താനുള്ള ശേഷി വളർത്തിയെടുക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയാൻ | **പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക**<br>അലങ്കാര സസ്യ-തോട്ട നിർമ്മാണം, പോസ്റ്റർ നിർമ്മാണം, Role Play മുന്നേറാം ലഹരിക്കെതിരെ Reel | ജൂൺ | ശാസ്ത്രധ്യാപകർ സയൻസ് ക്ലബ്ബ് | |
| | **കണ്ടറിയാം ഒരു യാത്ര**<br>ബസ്സിങ്ങ്, ഗ്രാഫ്റ്റിങ്ങ്, ലയറിങ്ങ് എന്നിവ ചെയ്യുന്ന സസ്യങ്ങളെ കണ്ടെത്തൽ, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി സന്ദർശനം, ജൈവ വളങ്ങൾ, ജൈവ കീടനാശിനികൾ എന്നിവയുടെ നിരീക്ഷണം | അക്കാദമിക വർഷം | ശാസ്ത്രധ്യാപകർ സയൻസ് ക്ലബ്ബ് | |
| 2) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | **ചാന്ദ്രദിനം**<br>സയൻസ് ക്ലബ്ബ്, രൂപീകരണം - ഉദ്ഘാടനം, റോക്കറ്റ് നിർമാണം, ചന്ദ്രവാഹകരോടൊപ്പം ചന്ദ്രനിലേക്ക് കൂട്ടി ശാസ്ത്രജ്ഞരെ കണ്ടെത്തൽ, ക്വിസ്, സ്പെൽ ടെന്റ്. | ജൂലൈ | ശാസ്ത്രധ്യാപകർ | |
| | **സയൻസ് കിറ്റ്**<br>നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന വസ്തുക്കളും മറ്റും ഉപയോഗിച്ച് കിറ്റ് നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രധ്യാപകർ | |
| 3) ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **ശാസ്ത്രത്തെ അറിയാൻ**<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ, അടങ്ങിയ പരീക്ഷണങ്ങൾ, സ്റ്റിൽ മോഡൽ, വർക്കിങ്ങ് മോഡൽ, എന്നിവ ഉൾപ്പെടുത്തി സ്കൂൾ തല സയൻസ് എക്സ്പോ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രധ്യാപകർ സയൻസ് ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക | **ഓസോൺ ദിനം**<br>പ്ലക്ക് കാർഡ് നിർമ്മാണം, പോസ്റ്റർ നിർമ്മാണം, കോളേജ് ഓസോൺ ദിന സന്ദേശം. | സെപ്തംബർ | ശാസ്ത്രധ്യാപകർ | |
| | **ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ബന്ധസയൻസ് കോർണർ ആരോഗ്യ വകുപ്പ് അംഗവുമായി അഭിമുഖം | അക്കാദമിക വർഷം | ശാസ്ത്രധ്യാപകർ | |
| | **ശാസ്ത്ര അറിവ് വ്യക്തികളിലേക്ക്**<br>ശാസ്ത്രജ്ഞരെ പരിചയപ്പെടുന്നതിനായി റീൽ നിർമ്മാണം, രക്ഷിതാക്കളുടെ ശാസ്ത്ര പരീക്ഷണങ്ങൾ. | അക്കാദമിക വർഷം | ശാസ്ത്രധ്യാപകർ സയൻസ് ക്ലബ്ബ് | |

**എ.യു.പി.സ്ക്കൂൾ പുതുപൊന്നാനി**
**മേഖല : യു.പി. ഗണിതശാസ്ത്രം**

**അക്കാദമിക്ക് മാസ്റ്റർ പ്ലാൻ 2025-2026**

ആമുഖം :-

കൗതുകങ്ങളും, മാന്ത്രികവിദ്യകളും അടങ്ങിയതാണ് ഗണിതശാസ്ത്രം കളികളിലൂടെ കാര്യം പറഞ്ഞ് കണക്കിന്റെ വിസ്മയലോകത്തേക്ക് നയിച്ചാൽ ഗണിതം കുട്ടികൾക്ക് വിസ്മയച്ചെപ്പായി മാറുന്നു. ഗണിതം പ്രത്യേകതകൾ ഏറെയുള്ള ശാസ്ത്രമാണ്. അത് സൂക്ഷമതയുടേയും കൃത്യതയുടെയും ശാസ്ത്രമാണ് പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾക്ക് പുറമെ നടത്തുന്ന പ്രവർത്തനങ്ങൾ കുട്ടികളിൽ ഗണിത അഭിരുചി വളർത്തുന്നതിന് സഹായിക്കുന്നു.

ലക്ഷ്യം

- അടിസ്ഥാനഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
- ഓരോ പ്രദേശത്തിന്റെയും തനത് ഗണിതരീതികളെ പരിചയപ്പെടുത്തുക
- ഓരോ പ്രായഘട്ടത്തിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്... ഉപയോഗിക്കുന്നു.) | ജൂൺ | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ 5,6, തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ. |
| 5) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി.സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 7) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്ത | ആവശ്യാനുസരണം | എസ്.ആർ.ജി. | |

# കായികവിദ്യാഭ്യാസം

| ക്രമ സംഖ്യ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | ശരിയായ ആരോഗ്യ ശീലങ്ങൾ മനസ്സിലാക്കി കൊടുക്കുക | ബോധവൽക്കരണ ക്ലാസുകൾ, ഗുഡ് ഹാബിറ്റ് കലണ്ടർ തയ്യാറാക്കൽ | ജൂൺ | കായികാധ്യാപിക | | |
| 2. | കായികക്ഷമതയുള്ള വിദ്യാർത്ഥികളെ സൃഷ്ടിക്കുക | ഭക്ഷണ ശുചിത്വത്തെക്കുറിച്ച് ക്ലാസുകൾ, അത് ലറ്റിക്സ് ,ഓട്ടം, എറിയൽ പരിശീലനം വ്യക്തിഗത വിലയിരുത്തൽ, കായികമേള യോഗാസനം ധ്യാനം | അക്കാദമിക വർഷം | കായികാധ്യാപിക | | |
| 3. | മനുഷ്യ ശരീരത്തെക്കുറിച്ച് അടിസ്ഥാന നേടുക | പാഠപുസ്തകാധിഷ്ഠിത പ്രവർത്തനങ്ങൾ, പൾസ് റേറ്റ് നിരീക്ഷണം, ഹൃദയാരോഗ്യ ബോധവൽക്കരണം ഹെൽത്ത് എക്സ്പോ | അക്കാദമിക വർഷം | കായികാധ്യാപിക | | |
| 4. | സ്പോർട്സ് വിനോദത്തിനും പരസ്പര സഹകരണത്തിനും | വിനോദ കായികങ്ങൾ, കൂട്ടായ്മ വർദ്ധിപ്പിക്കുന്ന കളികൾ | അക്കാദമിക വർഷം | കായികാധ്യാപിക | | |
| 5 | സംസ്ഥാന ദേശീയ താരങ്ങളെ വാർത്തെടുക്കുക | വിവിധയിനങ്ങളിൽ പരിശീലന ക്യാമ്പുകൾ പ്രത്യേകിച്ച് ഖൊ ഖൊ | അക്കാദമിക വർഷം | കായികാധ്യാപിക | | |

# പ്രവൃത്തിപരിചയം

| ക്രമ സംഖ്യ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | പുഷ്പ കൃഷിയിൽ പ്രാവീണ്യം നേടൽ | കാരി ബാഗ് നിർമ്മാണം, സ്കൂൾ വളപ്പിൽ നിലമൊരുക്കി ചെണ്ടുമല്ലി തൈ നട്ടുപിടിപ്പിക്കൽ | ജൂൺ- ജൂലൈ | WIE അധ്യാപിക | 500/- | |
| 2. | തൊഴിൽ പരിശീലനം | പ്ലംബിംഗ് പരിശീലനം, കൃഷിയിടങ്ങൾക്ക് ആവശ്യമായ ആധുനിക രീതിയിലുള്ള ഇറിഗേഷൻ പ്രവർത്തനം | ആഗസ്റ്റ്- സെപ്റ്റംബർ | WIE അധ്യാപിക | 1500/- | |
| 3. | സേവന മനോഭാവം | ഓഫീസ് ഫയൽ നിർമ്മാണം, റൈറ്റിംഗ് ബോർഡ് നിർമ്മാണം | ഒക്ടോബർ- നവംബർ | WIE അധ്യാപിക | 500/- | |
| 4. | വസ്തുങ്ങൾ അലങ്കരിക്കൽ | എംബ്രോയിഡറി, ഫാബ്രിക് പെയിന്റിങ് വെജിറ്റബിൾ പ്രിന്റിംഗ് പരിശീലനം | ഡിസംബർ- ജനുവരി | WIE അധ്യാപിക | 500/- | |
| 5. | പാഴ്വസ്തുക്കളുടെ പുനരുപയോഗം | പാഴ്വസ്തുക്കൾ കൊണ്ടുള്ള ക്രിയാത്മക നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം | ഫെബ്രുവരി | WIE അധ്യാപിക | | |